# മോശ

## (നോവല്‍ –2)

**ജോണ്‍ ഇളമത**

ദാസിമാരും കൊട്ടാരത്തിലെ കാവല്‍ക്കാരും ഭടന്മാരും ആരുംതന്നെ അടിമവംശത്തിലുള്ളവരല്ല. ഈജിപ്റ്റുകാരായ മിസ്രേമികളാണ്. അവര്‍ക്ക് അടിമകളേക്കാള്‍ നിറവും ആകാരവുമുണ്ട്. അവര്‍ എബ്രായക്കാരെപ്പോലെ മൂടിപ്പൊതിഞ്ഞ് വസ്ത്രങ്ങള്‍ വാരിച്ചുറ്റാറില്ല. അവരുടെ വടിവൊത്ത ശരീരവും സൗന്ദര്യവും കാഴ്ചക്കാര്‍ക്ക് കൗതുകമുണര്‍ത്തുന്നു.

ദാസിമാര്‍ എന്നെ കൊട്ടാരത്തിനകത്തെ കുളിതളത്തിലേക്കാണ് കൊണ്ടുപോയത്. ചെറിയ രാജകുമാരന്മാരെയും രാജകുമാരിമാരെയും ദാസിമാര്‍ അവിടെയാണ് കുളിപ്പിക്കുന്നത്. ആഴമധികമില്ലാത്ത സാമാന്യം വലിയ കുളം, സുഗന്ധദ്രവ്യങ്ങള്‍ അലിഞ്ഞുചേര്‍ന്ന തെളിനീര്‍. ദാസിമാര്‍ എന്നോടൊത്തു കുളിക്കും. എന്നെ കളിപ്പിക്കും അവര്‍ എന്നെ ജലത്തിനു മീതേ ഉയര്‍ത്തും. ഇടയ്ക്കിടെ പട്ടിഞ്ചപതച്ച് എനിക്കു ദേഹശുദ്ധിവരുത്തും.

നീരാട്ടിനിടയില്‍ ഒരു ദാസി എന്റെ കവിളില്‍ മൃദൃവായി തലോടി എന്നോടു ചോദിച്ചു:

''മോശ വലുതായി, ഫറവോ ആയി വാഴുമ്പോള്‍ എന്നെ ഓര്‍ക്കുമോ?



അപര പൊട്ടിച്ചിരിച്ചു മൊഴിഞ്ഞു: ''ഓര്‍ക്കും, ഓര്‍ക്കും! ഫറവോന്റെ കൊട്ടാരത്തില്‍ നിന്നെപോലെ എത്രയെത്ര ദാസിമാരുണ്ട്!''

ഞാന്‍ മിണ്ടാതെ വെറുതേ മന്ദഹസിച്ചു. ദാസിമാരുടെ ചുംബനം എന്നെ വീര്‍പ്പുമുട്ടിച്ചു.

ഞാനോര്‍ത്തു, ഇവരും അടിമകള്‍ തന്നെ. എന്നാല്‍ എബ്രായരായ അടിമകളേക്കാള്‍ ഉന്നതര്‍. കഠിനാദ്ധ്വാനം കൂടാതെ സ്തുതിപാടലുമായി കഴിഞ്ഞുകൂടുന്ന അലസവര്‍ഗ്ഗം.

കുളികഴിഞ്ഞ് ദാസിമാര്‍ കുളക്കരയിലെ സ്വര്‍ണ്ണംപതിച്ച പീഠത്തിന്മേല്‍ എന്നെ ഇരുത്തി, ഈറന്‍ തുടച്ചു. തുടര്‍ന്ന് പട്ടു വസ്ത്രങ്ങള്‍ അണിയിച്ചു. മുത്തും പവിഴവും കോര്‍ത്ത സ്വര്‍ണ്ണമാല രാജകുമാരന്റെ ചിഹ്നമായ തലയിലെ പന്നിവാലില്‍ തിരുകി. അവര്‍ എന്റെ

കണ്ണുകളെഴുതി പട്ടുവസ്ത്രങ്ങളിൽ അത്തർ തളിച്ചു.

അങ്ങനെ ഒരു രാജകുമാരന്റെ പ്രൗഢിയിൽ ഞാൻ തിളങ്ങിനിൽക്കവേ കളരിയുടെ അധിപനായ മന്ത്രവാദി എന്റെ മുമ്പിൽ വന്നു വണങ്ങി. അയാൾ എന്നെ കൈകളിൽ പിടിച്ച് തേരിൽേറ്റി.

അയാളുടെ കൈകളിൽ മാന്ത്രികദണ്ഡുണ്ടായിരുന്നു. മൊട്ടത്തലയനായ അയാളുടെ കണ്ണുകൾ രക്തംപോലെ ചുവന്നിരുന്നു.

മന്ത്രവാദി കളരിയിൽ ഞങ്ങളെ മന്ത്രങ്ങളും തന്ത്രങ്ങളും പഠിപ്പിച്ചില്ല. അത് അവരുടെ മക്കളെ മാത്രം പഠിപ്പിക്കാനുള്ള വിദ്യമാണെന്ന് പിന്നീടാണ് ഞാൻ അറിഞ്ഞത്.

അയാളുടെ മന്ത്രങ്ങളും തന്ത്രങ്ങളും വിസ്മയത്തെ ഉണർത്തി. മുകളിലേക്ക് എറിഞ്ഞ ഈന്തപ്പനക്കുല മുത്തും പവിഴവും രത്നങ്ങളുമായി തറയിൽ ചിതറിവീണു. അയാൾ വീണ്ടും കൈനീട്ടിയപ്പോൾ അവ ഓരോന്നായി പറന്നുവന്ന് വീണ്ടും അയാളുടെ കൈയിൽ ഈന്തപ്പനക്കുലയായി.

ഒലിവുമരത്തിന്റെ ഇലകൾ അയാൾ കാറ്റിൽ പറത്തി. അവ പ്രാവുകളായി വട്ടമിട്ടു പറന്നു. അയാൾ വീണ്ടും കൈ നീട്ടിയപ്പോൾ അവയെല്ലാം തിരികെ പറന്നുവന്ന് പഴയപടി അയാളുടെ കൈയിൽ ഒലിവുമരത്തിന്റെ ഇലകളായി.

എല്ലാ മന്ത്രങ്ങളും അന്ധകാരത്തിന്റെ ദേവന്റെ ശക്തികൊണ്ടാണെന്ന് അയാൾ പറഞ്ഞുതന്നു.

കൊട്ടാരത്തിലെ രാജകുമാരന്മാർക്കും അഭ്യസിക്കാനുള്ള കളരിയായിരുന്നു അത്. എന്റെ അടുത്തിരുന്നത് നെഫർടാറി രാജകുമാരിയായിരുന്നു. എന്നെക്കാൾ ഒരു വയസ്സ് താഴെയായിരുന്നു അവളുടെ പ്രായം. പക്ഷേ പ്രായത്തേക്കാളേറെ വളർച്ച അവൾക്ക് തോന്നി. അവളുടെ വിടർന്ന കണ്ണുകളും നീണ്ട കഴുത്തും എന്നെ എപ്പോഴും ആകർഷിക്കുന്നുണ്ടായിരുന്നു. അവളുടെ കടാക്ഷങ്ങളുടെ കാന്തശക്തി എന്നെ ലഹിരിപിടിപ്പിച്ചിരുന്നു. ബാല്യംവിട്ട് കൗമാരത്തിലേക്ക് ഓടിപ്പോകാൻ അവളുടെ ആകാരം വെമ്പിനിൽക്കുന്നതയായി എനിക്ക് തോന്നി.

അവൾ എന്റെ കരതലം മെല്ലെ സ്പർശിച്ചു. പിന്നീട് പ്രേമപൂർവ്വം ചുംബിച്ചു.

ആ ചുംബനത്തിൽ ഞാൻ കുളിരുകോരി. അവൾ മൃദുലമായി എന്റെ ചെവിയിൽ മന്ത്രിച്ചു:

‘‘മോശ ആയിരിക്കും അടുത്ത ഫറവോ! ഞാൻ മോശയുടെ പട്ടമഹിഷി ആയി ഈജിപ്റ്റിന്റെ രാജ്ഞിയാകും’’.

‘‘ആരു പറഞ്ഞതാണ് ?’’ ഞാൻ രഹസ്യത്തിൽ ചോദിച്ചു.

‘‘അതാണ് ഈജിപ്റ്റിലെ നിയമം, ദാസിമാർ പറഞ്ഞുതന്നതാണ്.’’

‘‘അപ്പോൾ റാംസ്സിസോ?’’

‘ഈജിപ്റ്റിലെ ഫറവോയുടെ പുത്രി സ്വയംവരം നടത്തുന്ന ആളായിരിക്കും അടുത്ത ഫറവോ? ഞാൻ മോശയെ മാത്രമേ മംഗല്യം ചെയ്യൂ.’’

‘‘ഈജിപ്റ്റിലെ നിയമം മറ്റൊന്നാണെന്നാണ് ഞാൻ കേട്ടിരിക്കുന്നത്. ഏറ്റവും അടുത്ത രക്തബന്ധമുള്ളവർ തമ്മിലാണ് മംഗല്യം. വംശശുദ്ധിക്ക് ഭംഗം വരാതിരിക്കാൻ. റാംസ്സിസ് അല്ലേ നിന്റെ ഏറ്റവും അടുത്ത ബന്ധു സഹോദരൻ?’’

‘വാസ്തവത്തിൽ റാംസ്സിസ് ഫറവോയ്ക്ക് കൊട്ടാര നർത്തകിയിലുണ്ടായ മകനാണ്. അതൊക്കെ പോട്ടെ. എല്ലാം നിശ്ചയിക്കാനും തീരുമാനിക്കാനും ഉള്ള അവകാശം എന്റെ അപ്പൻ ഫറവോ സേത്തിക്കുള്ളതാണ്. ഞാൻ പറയുന്നത് അദ്ദേഹത്തിനു വേദവാക്യമാണ്.’’

ഇത്തരം അറിവുകൾ എനിക്കു പുതുതായിരുന്നു. അല്ലെങ്കിൽ തന്നെ ദാസിമാരോട് ഞാനത്ര വായാടാറില്ല. ഞാൻ നെഫർടാറിയുടെ അമ്മായിയുടെ മകനാണ്. എനിക്കാണ് നെഫർടാറിയെ മംഗല്യം ചെയ്ത് അടുത്ത ഫറവോ ആകാനുള്ള യോഗ്യത എന്ന് അമ്മ എന്നോട് എപ്പോഴും പറയാറുണ്ട്.

റാംസ്സിസ് നർത്തകിയുടെ മകനാണെന്ന അറിവ് എന്നിൽ ആശ്ചര്യം ഉണ്ടാക്കി.

അതുകൊണ്ടായിരിക്കാം അമ്മ പലപ്പോഴും പറയാറുള്ളത്, ഫറവോമാർ ഗൗരവമുള്ളവരായിരിക്കണമെന്ന്. പല ദാസിമാരും ഫറവോമാരെ വീഴ്ത്തിയിട്ടുണ്ട്. ആ വീഴ്ച ഈജിപ്റ്റിനും ഫറവോമാർക്കും നന്നല്ല.

നെഫർടാറിയുടെ അടുത്തിരുന്നത് റാംസ്സിസ് രാജകുമാരനായിരുന്നു. നർത്തകിക്ക് ജനിച്ചതെങ്കിലും ഫറവോന്റെ സ്വന്തം മകൻ, അവന് നെഫർടാറിയിൽ നോട്ടമുണ്ടെന്ന് എനിക്ക് അറിയാമായിരുന്നു.

കുറുക്കന്റെ സ്വഭാവമായിരുന്നു അവന്. അവൻ നിഴൽ പോലെ എപ്പോഴും നെർടാറിയെ ചുറ്റിപ്പറ്റി നിൽക്കും. ഏതാണ്ട് എന്റെ പ്രായമാണവന്. നെഫർടാറിയെ കൈക്കാലാക്കിയ അടുത്ത ഫറവോ ആകാൻ അവന് തീർച്ചയായും മോഹം കാണും.

കാടൻ പ്രകൃതമാണവന്റേത്. നെഫർടാറിക്ക് അവനെ തീരെ ഇഷ്ടമല്ലെന്ന് അവൾ എപ്പോഴും പറയാറുണ്ട്.

നെഫർടാറി എന്റെ ചെവിയിൽ മന്ത്രിക്കുന്നത് അവൻ അസൂയയോടെ നോക്കുന്നതു കണ്ടു.

ഞങ്ങൾ മൂവരുടെയും പിന്നിലാണ് രാജകുടുംബത്തിലെ മറ്റു കുമാരന്മാരും കുമാരിമാരും ആസനസ്ഥരായിരുന്നത്.

കളരിയുടെ അധിപൻ മന്ത്രവാദി മഹാപുരോഹിതനും സർവ്വജ്ഞനുമായിരുന്നു.

തച്ചുശാസ്ത്രം, നഗരനിർമ്മാണം, നൈൽ നദീതീരത്തെ എക്കലിൽ വൈക്കോൽ അരിഞ്ഞുചേർത്ത് ചുട്ടെടുത്ത ഇഷ്ടിക നിർമ്മാണം, കൃത്രിമ തടാകനിർമ്മാണം എന്നിവയാണ് അയാൾ ഞങ്ങളെ പഠിപ്പിച്ചത്.

പതിനഞ്ചു വയസ്സു കഴിഞ്ഞ് യൗവനം ആയശേഷമേ ഞങ്ങളെ ആയുധവിദ്യകൾ പഠിപ്പിക്കൂ എന്നാണ് എന്റെ ഭൃത്യൻ എനിക്കുപറഞ്ഞുതന്നിട്ടുള്ളത്.

അത് ഫറവോമാരും രാജകുടുംബത്തിലെ മറ്റംഗങ്ങളും അഭ്യസിക്കേണ്ടതുണ്ട്. പ്രധാനമായും രഥം തെളിച്ചുള്ള യുദ്ധം, കുന്തവും വാളുമുപയോഗിച്ചുള്ള യുദ്ധം!

കളരികഴിഞ്ഞ് ഭൃത്യന്മാർ വന്നു. എന്നെ അമ്മയുടെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോകാൻ. പെട്ടെന്ന് നെഫർടാറി ഓടിവന്ന് എന്റെ തേരിൽ കയറി. അവൾക്ക് എന്റെ ഒപ്പം അമ്മയുടെ കൊട്ടാരത്തിലേക്കു പോരണം.

റാംസ്സിസിന് അത് അത്ര ഇഷ്ടപ്പെട്ടില്ല. അവൻ അവൾ കേൾക്കെ ഉറക്കെപറഞ്ഞു:

''നീ എന്റെകൂടെ വരണം. നം ഫറവോ സേത്തിയുടെ കൊട്ടാരത്തിലേക്കാണ് പോകേണ്ടത്.''

''അത് തീരുമാനിക്കേണ്ടത് ഞാനാണ്,'' അവൾ അതൃപ്തിയോടെ മറുപടി കൊടുത്തു.

പിന്നീട് നെഫർടാറി റാംസ്സിസ് ഇരുന്നിരുന്ന ഫറവോന്റെ കൊട്ടാരത്തിലെ തേരുകാരനോട് പറഞ്ഞു:

''ഞാൻ മോശയോടൊപ്പം രണ്ടുനാൾ അമ്മായി ബത്തിയയുടെ കൊട്ടാരത്തിലേക്ക് പോകുകയാണെന്ന് അപ്പനോട് പറഞ്ഞേക്കുക.''

പിന്നീട് കാത്തുനിൽക്കാതെ എന്റെ തേരുതെളിച്ച ഭടൻ ചാട്ടവാറടിച്ച് കുതിരകളെ പായിച്ചു.

നെഫർടാറി എന്നോട് ഒട്ടിയിരുന്നു. അവൾ പൂശിയിരുന്ന മുന്തിയതരം അത്തറുകളുടെ ലഹരിയിൽ ഞാൻ മനോരാജ്യം കണ്ടു. വരാനിരിക്കുന്ന ഫറവോന്റെ സിംഹാസനവും എന്റെ റാണിയായി അഭിഷിക്തയാകാനിരിക്കുന്ന സുന്ദരിയായ നെഫർടാറിയും എന്റെ മനസ്സിൽ പൂത്തിരി കത്തിച്ചു.

അപ്പോൾ റാംസ്സിസിന്റെ ചുവന്ന കണ്ണുകളായിരുന്നു എനിക്കു ചുറ്റും.

********************************